സൂപ്പർവൈസറി ഡെവലപ്പ്മെൻറ് സെൻറർ
ടെക്നിക്കൽ എഡ്യുക്കേഷൻ
കളമശ്ശേരി - 683 104.
www.sdcentre.org
Email id: sdckalamassery@gmail.com
Phone : 0484 2556530

കേരള സർക്കാർ

നമ്പർ : A1/1705/ CS-DIP /2018 തീയതി : 25.07.2018

പ്രേഷിതൻ,

അസ്സിസ്റ്റന്റ് ഡയറക്ടർ

സ്വീകർത്താവ്,

പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്ക്

സർ,

വിഷയം : സൂപ്പർവൈസറി ഡെവലപ്പ്മെൻറ് സെൻറർ, കളമശ്ശേരി - ഈ സ്ഥാപനത്തിൽ പേര് രജിസ്റ്റർ. ചെയ്തിട്ടുള്ള ഡിപ്ലോമ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് വിവിധ കമ്പനികളിൽ അപ്രന്റീസ് പരിശീലനം ലഭ്യമാക്കുവാൻ കളമശ്ശേരി ഗവ: പോളിടെക്നിക്കിൽ വച്ച് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നത് -സംബന്ധിച്ച്.

..............................

എസ്.ഡി.സെന്റർ എല്ലാ വർഷവും സംഘടിപ്പിക്കാറുള്ളതുപോലെ ഈ വർഷവും അപ്രന്റീസ് പരിശീലനത്തിന് ട്രെയിനികളെ തിരഞ്ഞെടുക്കുന്നതിനുള്ള കേന്ദ്രീകൃത വാക് ഇൻ ഇന്റർവ്യൂ (ഡിപ്ലോമ) കളമശ്ശേരി ഗവ: പോളിടെക്നിക്കിൽ വച്ച് 2018 ആഗസ്റ്റ് 18-ാം തീയതി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.ഈ കേന്ദ്രീകൃത വാക് ഇൻ ഇന്റർവ്യൂവിനെ സംബന്ധിയ്ക്കുന്ന വിശദവിവരങ്ങൾ ഇതോടോപ്പം അയക്കുന്ന നോട്ടീസിൽ ചേർത്തിരിക്കുന്നു. ഇന്റർവ്യൂ സംബന്ധിച്ച വിവരങ്ങൾ താങ്കളുടെ സ്ഥാപനത്തിൽ നിന്നും ഡിപ്ലോമ പാസ്സായ എല്ലാ ഉദ്യോഗാർത്ഥികളിലേക്കും എത്തിക്കുന്നതിനുവേണ്ടി ഈ നോട്ടീസിന്റെ പകർപ്പ് താങ്കളുടെ സ്ഥാപനത്തിലെ എല്ലാ വിഭാഗം മേധാവികൾക്കും നൽകുകയും നോട്ടീസ് ബോർഡിൽ പതിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

വി.എ.ഷംസുദ്ദീൻ (ഡി.ഡി.സിറ്റർ)

അസ്സിസ്റ്റന്റ് ഡയറക്ടർ(ചാർജ്)

ASSISTANT DIRECTOR
SUPERVISORY DEVELOPMENT CENTRE
DEPARTMENT OF TECHNICAL EDUCATION
KALAMASSERY- 683104

സൂപ്പർവൈവസറി ഡെവലപ്പ്മെൻറ് സെൻറർ
ടെക്നിക്കൽ എഡ്യൂക്കേഷൻ
കളമശ്ശേരി - 683 104.
www.sdcentre.org
Email id: sdckalamassery@gmail.com
Phone : 0484 2556530

കേരള സർക്കാർ

# ഡിപ്ളോമക്കാർക്ക് അപ്രന്റീസ് ട്രെയ്നിങ്ങിന് അവസരം

സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖലാ/സ്വകാര്യ സ്ഥാപനങ്ങളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് ടെക്നീഷ്യൻ അപ്രന്റീസുകളെ തെരഞ്ഞെടുക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ചെന്നൈയിലെ ദക്ഷിണ മേഖലാ ബോർഡ് ഓഫ് അപ്രന്റീസ്ഷിപ്പ് ട്രെയ്നിങ്ങും സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററും സംയുക്തമായി കളമശ്ശേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ വച്ച് 18.08.2018 ശനിയാഴ്ച വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. ഏകദേശം 1000 ഒഴിവുകൾ പ്രതീക്ഷിക്കുന്നു.

| Sl No. | Venue | Date and Time | Category |
|---|---|---|---|
| 1 | Govt. Polytechnic College, HMT Junction, Kalamassery | 18.08.2018. 9 AM | Polytechnic Diploma |

പോളിടെക്നിക് ഡിപ്ളോമ നേടി മൂന്നു വർഷം കഴിയാത്തവർക്കും അപ്രന്റീസ് ആക്ട് പ്രകാരം പരിശീലനം ലഭിക്കാത്തവർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാം. സൂപ്പർവൈസറി ഡെവലപ്മെൻറ് സെൻററിൽ രജിസ്റ്റർ ചെയ്തവർക്കാണ് ഇൻറർവ്യൂവിന് സൗകര്യം ഒരുക്കിയിട്ടുള്ളത്. 3542 രൂപയാണ് കുറഞ്ഞ പ്രതിമാസ സ്റ്റൈപന്റ്. ട്രെയ്നിങ്ങിന് ശേഷം കേന്ദ്രഗവൺമെന്റ് നൽകുന്ന പ്രൊഫിഷ്യൻസി സർട്ടിഫിക്കറ്റ് അഖിലേന്ത്യ തലത്തിൽ തൊഴിൽ പരിചയമായി പരിഗണിച്ചിട്ടുള്ളതാണ്. കൂടാതെ ട്രെയ്നിങ്ങ് കാലത്തുള്ള പ്രാവീണ്യം കണക്കിലെടുത്ത് പല സ്ഥാപനങ്ങളും സ്ഥിരം ജോലിക്കും അവസരമൊരുക്കുന്നു. സർട്ടിഫിക്കറ്റുകളുടേയും മാർക്ക്ലിസ്റ്റുകളുടേയും ഒറിജിനലും മൂന്നു കോപ്പികളും വിശദമായ ബയോഡാറ്റയുടെ മൂന്ന് കോപ്പികളും സഹിതം 18-08-2018 ന് രാവിലെ 9 മണിക്ക് തെരഞ്ഞെടുപ്പ് കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. സൂപ്പർവൈസറി ഡവലപ്മെന്റ് സെന്ററിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർ ഇൻറർവ്യൂ തീയതിയ്ക്കു മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷ ഫോമും രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും www.sdcentre.org - ൽ ലഭ്യമാണ്. ഇന്റർവ്യൂ നടക്കുന്ന ദിവസം രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല. എസ് ഡി സെൻറർ നൽകുന്ന രജിസ്ട്രേഷൻ കാർഡോ ഇമെയിൽ പ്രിൻറോ ഇൻറർവ്യൂന് വരുമ്പോൾ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. ബോർഡ് ഓഫ് അപ്രൻറിസ് ട്രെയ്നിംഗിൻെറ നാഷണൽ വെബ് പോർട്ടൽ ആയ www.mhrdnats.gov.in-ൽ രജിസ്റ്റർ ചെയ്തവർ അതിൻെറ പ്രിൻറ് ഔട്ട് കൊണ്ടുവന്നാലും പരിഗണിക്കുന്നതാണ്.

പങ്കെടുക്കുന്ന കമ്പനികളുടേയും ഒഴിവുകളുടേയും വിവരങ്ങൾ www.sdcentre.org എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇന്റർവ്യൂവുമായി ബന്ധപ്പെട്ട വിവരങ്ങൾ മുകളിൽ കൊടുത്തിരിക്കുന്ന സൈറ്റിൽ അപ്പപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതാണ്.

വി.എ.ഷംസുദ്ദീൻ (ഡി.ഡി.സിഗ്ദ)
അസ്സിസ്റ്റൻറ് ഡയറക്ടർ(ചാർജ്)

കളമശ്ശേരി
24.07.2018

ASSISTANT DIRECTOR
SUPERVISORY DEVELOPMENT CENTRE
DEPARTMENT OF TECHNICAL EDUCATION
KALAMASSERY- 683104